Page 1 of 5

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, യുവാക്കളിലെ സാഹസികത വളർത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങയുടെ ഉത്തരത്തിൽ വന്നു. പാരാഗ്ലൈഡിംഗ്, റോപ്പ്ക്ലൈമ്പിംഗ് തുടങ്ങി അനവധി പ്രയോഗങ്ങളുണ്ട്. വാഗമണ്ണിൽ ഇന്റർനാഷണൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റ് നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ട് ഒരു യൂത്ത് പാരാ ഗ്ലൈഡിംഗ് ക്ലബ്ബ് ഉണ്ടാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അത് ആലോചിക്കാവുന്ന വിഷയമാണ്. വാഗമൺ അതിന് പറ്റിയ സ്ഥലമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, യുവാക്കളുടെ തൊഴിലില്ലായ്മ പോലെതന്നെയാണ് തൊഴിൽ അറിയായ്മ ഒരു വലിയ പ്രശ്നമാണ്. പുതിയ കാലത്തെ തൊഴിൽ അവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ പുതിയ തലമുറയ്ക്കുണ്ട് എന്നുള്ളത് ഒരു പ്രശ്നമാണ്. ജാലകം പോലുള്ള പദ്ധതികളെക്കുറിച്ച് യുവാക്കളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പുതിയ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, അത് പഠന കാലയളവിൽതന്നെ അവർക്ക് കിട്ടേണ്ട ചില അറിവുകളാണ്. അത് കിട്ടാതെ വന്നാൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ പഠിച്ച്, വിദ്യാഭ്യാസം ഏകദേശം പൂർത്തിയാക്കി നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്കാണ് യൂത്ത് വെൽഫെയർ ബോർഡ് മുൻതൂക്കം കൊടുക്കുന്നത്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, കഴിഞ്ഞ ഇരുപത് വർഷക്കാലമായ നവ ഉദാരവത്ക്കരണ കാലഘട്ടത്തിൽ യുവാക്കൾക്കിടയിൽ വ്യാപകമായി കരിയറിസവും അരാഷ്ട്രീയതയുമെല്ലാം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ അധികാരത്തിനുവേണ്ടി തത്വാധിഷ്ഠിത നിലപാടുകളെയും മാനവിക മൂല്യങ്ങളെയും തളളിപ്പറയാൻ നമ്മുടെ നാട്ടിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും നേതാക്കളും മാധ്യമങ്ങളുമെല്ലാം തയ്യാറാകുന്ന ഒരു കറുത്ത കാലഘട്ടമാണ് ഇത്. അതിനെതിരെ നീങ്ങാനും നാടിനു മുതൽക്കൂട്ടായി പ്രവർത്തിക്കാനും യുവജനങ്ങളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, യുവജനങ്ങളിൽ നല്ല ഒരു ദിശാബോധത്തോടുകൂടിയ ജീവിതരീതിയുണ്ടാക്കുന്നതിന് വേണ്ടിയാണ് യൂത്ത് വെൽഫെയർ ബോർഡ് നിലവിൽ വന്നത്. നാടിനും രാജ്യത്തിനും മുതൽക്കൂട്ടുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ യുവജനങ്ങളിൽ നിന്നും ഉണ്ടാകണം. അതാണ് രാജ്യം പ്രതീക്ഷിക്കുന്നത്, നാട് പ്രതീക്ഷിക്കുന്നത്.

നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ

3 (*303) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ടി. വി. കുഞ്ഞുണ്ണി :
ശ്രീ. കെ. സി. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) അതിർത്തി ചെക്കുപോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) നികുതി കണക്കുകൾ കമ്പ്യൂട്ടർ മുഖേന നൽകുന്നതിനുള്ള സമ്പ്രദായം ഏർപ്പെടുത്തിയതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതുമൂലം നികുതി വെട്ടിപ്പ് തടയാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച മറ്റു നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്) : സർ,

(എ) കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളത്തിലെ നികുതി ഭരണം സമൂലമായി പരിഷ്ക്കരണത്തിനു വിധേയമാക്കി. ഇതിൽ ഏറ്റവും പ്രധാനം സമഗ്രമായ കമ്പ്യൂട്ടറൈസേഷൻ ആണ്. കേരളം ഇക്കാര്യത്തിൽ മാതൃകയായി അംഗീകരിക്കപ്പെട്ടു. രണ്ടു ദേശീയ അവാർഡും ഇതിനകം ലഭിച്ചു.

രണ്ടാമതായി, 2.18 ലക്ഷം വരുന്ന കെ.ജി.എസ്.ടി. കുടിശ്ശിക അസെസ്മെന്റുകൾ അദാലത്തുവഴി തീർപ്പുകൽപ്പിച്ചു. തന്മൂലം പെട്രോളിയം, മദ്യം എന്നിവ ഒഴികെയുള്ള കെ.ജി.എസ്.ടി. കേസുകളിൽ നിന്ന് മുഴുവൻ ജീവനക്കാരെയും വാറ്റിലേക്ക് മാറ്റി നിയോഗിച്ചു.

മൂന്നാമതായി, ഇ-റിട്ടേൺ, ഇ-പേമെന്റ് എന്നിവ നടപ്പാക്കി. ഇതിന്റെ ഫലമായി 25 ശതമാനത്തിൽ താഴെ മാത്രം ഉണ്ടായിരുന്ന റിട്ടേൺ സ്ക്രൂട്ടണി ഇപ്പോൾ 85 ശതമാനത്തിലധികമായി ഉയർത്താൻ കഴിഞ്ഞു. റിട്ടേൺ സ്ക്രൂട്ടണി കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി ഓഡിറ്റ് അസെസ്മെന്റ് വിംഗിനെ വാറ്റു സർക്കിളുകളുമായി സംയോജിപ്പിച്ചു. വാറ്റു സർക്കിളുകളിലെ ഓഫീസുകളുടെ എണ്ണം പുനഃക്രമീകരിച്ചു.

നാലാമതായി, നികുതി കുടിശ്ശിക കേസുകൾ പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് ഇതിനകം റവന്യൂ റിക്കവറിയിലൂടെ ബോട്ട് ഇൻ ലാന്റായി പിടിച്ചെടുത്തതോ പണം പിരിച്ചെടുത്തതോ റവന്യൂ അധികൃതർ കിട്ടാക്കടമായി പ്രഖ്യാപിച്ചതോ ആയ കേസുകളെ കുടിശ്ശിക ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ബാക്കിയുള്ളവ ആംനസ്റ്റി സ്കീം വഴി ഒറ്റത്തവണ തീർപ്പാക്കി. ഇപ്പോൾ സ്റ്റേയിൽ ഉൾപ്പെടാത്ത പിരിച്ചെടുക്കാൻ കഴിയുന്ന കുടിശിക 747.33 കോടി രൂപ മാത്രമാണ്.

അഞ്ചാമതായി, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ എന്നീ ജില്ലാ കേന്ദ്രങ്ങളിൽ ടാക്സ് കോംപ്ലക്സുകളുടെ പണി പൂർത്തിയാക്കി. ജീവനക്കാരുടെ മുഖ്യപരാതികൾ പരിഹരിച്ചു.

ആറാമതായി, ക്ലറിക്കൽ സ്റ്റാഫിനടക്കം മൂന്നുവട്ടം സംസ്ഥാനതലത്തിൽ സമ്പൂർണ പരിശീലനം നൽകി. മന്ത്രി തന്നെ പങ്കെടുത്ത് മേഖലാടിസ്ഥാനത്തിൽ വർഷത്തിൽ രണ്ടുവട്ടം നികുതി പിരിവ് അവലോകനം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 5

ഏഴാമതായി, വ്യാപാരി സൗഹൃദ സമീപനം സ്വീകരിച്ചു. നിരന്തരമായി അവരുമായി ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചു.

(ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തി. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ, അമരവിള എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളും മഞ്ചേശ്വരം, അമരവിള അതിർത്തി ചെക്ക് പോസ്റ്റുകളും അഴിമതി വിമുക്തമാക്കി.

(സി) റിട്ടേൺ സ്ക്രൂട്ടണി ശാസ്ത്രീയമാക്കി സ്ക്രൂട്ടണിയുടെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞു. ഇ-പെയ്മെന്റ് നടപ്പായതിലൂടെ നികുതി തൽസമയം സർക്കാർ ഖജനാവിൽ എത്തുന്നു. ഇ-ഹയലിംഗ് സമ്പ്രദായം ലളിതവും സുതാര്യവുമാണ്. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടണിവഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാനാവുന്നു. നികുതി ചോർച്ച തടയുന്നതിനു ഇവയൊക്കെ സഹായിക്കുന്നു. പ്രധാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതിലൂടെ ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോകുന്ന വാഹനങ്ങളുടെയും ചരക്കുകളുടെയും വിശദവിവരങ്ങൾ ഉടൻതന്നെ നികുതി നിർണയ അധികാരിക്കു ലഭ്യമാകുന്നു.

(ഡി) ഉണ്ട്.

(ഇ) ഇന്റലിജൻസ് വിഭാഗത്തിന് പുതിയ വാഹനങ്ങളും കൂടുതൽ ജീവനക്കാരെയും നൽകി. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തി. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാൻ വേണ്ടി മലപ്പുറം, വയനാട്, മട്ടാഞ്ചേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഐ.എ.സി. ഇന്റലിജൻസ് ഓഫീസുകൾ പുതുതായി ആരംഭിച്ചു. വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളിൽ പുതുതായി ഡെപ്യൂട്ടി കമ്മിഷണർമാരുടെ ഓഫീസുകൾ തുടങ്ങി. മേൽനോട്ടം കാര്യക്ഷമമാക്കാൻ വേണ്ടി മൂന്ന് ജോയിന്റ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, നൂറ് കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഞങ്ങളുടെയെല്ലാം മണ്ഡലങ്ങളിൽ അനുവദിച്ച് ഞങ്ങളുടെ മണ്ഡലങ്ങളെ സമ്പന്നമാക്കിയ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് അനുമോദനവും നന്ദിയും രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. ഭാവിയിലും അദ്ദേഹത്തിന് ഈ ഭാഗ്യം ഉണ്ടാകട്ടേ എന്നുകൂടി ആശംസിക്കുന്നു. 2005-06-ൽ ചെലവ് 19,000- ൽപ്പരം കോടി രൂപയും 2010-11-ൽ 39,000-ൽപ്പരം കോടി രൂപയും തനതു വരുമാനം 9000-ൽപ്പരം കോടിയിൽ നിന്നും 29,000-ൽപ്പരം കോടിയായി വർദ്ധിപ്പിക്കാൻ അങ്ങയുടെ ഈ മാസ്മരിക ശക്തി കേരളത്തെ ഒരു സോഷ്യലിസ്റ്റ് സമൂഹമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള ഇച്ഛാശക്തി, ആത്മധൈര്യം, പ്രചോദനം ഒന്ന് വിശദീകരിക്കാമോ ?

മി. സ്പീക്കർ : അതാണോ വിശദീകരിക്കേണ്ടത് ?

ഡോ. തോമസ് ഐസക് : വളരെ പ്രയാസമാണ്. ഞാൻ അതിന് തുനിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അങ്ങ് ഒട്ടേറെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനും ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

ഡോ. തോമസ് ഐസക് : സർ, മേൽനോട്ടം കൂടുതൽ കർശനമാക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അതുപോലെതന്നെ വർഷത്തിൽ രണ്ടു പ്രാവശ്യം മന്ത്രി തന്നെ നേരിട്ട് മേഖലാതലത്തിൽ റിവ്യൂ അവലോകന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പലതും കണ്ടുപിടിക്കുന്നതിനും തിരുത്തുന്നതിനും കഴിയുന്നുണ്ട്.

ശ്രീ. കെ. സി. രാജഗോപാലൻ : ഇ-റിട്ടേൺസും, ഇ-പേയ്മെന്റും സംവിധാനം നടപ്പാക്കുകവഴി നികുതി വെട്ടിപ്പ് പൂർണ്ണമായും തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, കഴിഞ്ഞിട്ടുണ്ട്. ഇ-ഫയലിംഗ് വന്നതു കൊണ്ട് വ്യാപാരികളുടെ മുഴുവൻ റിട്ടേൺസും ഇപ്പോൾ കമ്പ്യൂട്ടറിലുണ്ട്. ഓരോ വ്യാപാരിയുടെയും വിറ്റുവരുമാനം മാത്രമല്ല എത്ര വാങ്ങിച്ചു, ആരിൽ നിന്നും വാങ്ങിച്ചു, എത്ര വിറ്റു, ആർക്ക് വിറ്റു എന്നെല്ലാമുണ്ട്. ഒരു വ്യാപാരി വിൽക്കുന്നത് മറ്റൊരു വ്യാപാരിയുടെ വാങ്ങലിന്റെ കണക്കിൽ കാണാൻ സാധിക്കണം. ഇത്തരത്തിലുള്ള ക്രോസ് ചെക്കിംഗ് ഇപ്പോൾ സാദ്ധ്യമാണ്. ആരെങ്കിലും എക്സെസീവ് ഇൻപുട്ട് എടുത്തിട്ടുണ്ടെങ്കിൽ അത് സ്റ്റോക്കിൽ പ്രതിഫലിക്കണം. ഇത്തരത്തിൽ മുറിയിലിരുന്നും ക്രമക്കേടുകൾ കണ്ടുപിടിച്ച് അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്താൻ കഴിയും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അഴിമതിരഹിത ചെക്ക്പോസ്റ്റ് എന്ന അങ്ങയുടെ സങ്കൽപ്പം വാളയാറിലുണ്ടായിരുന്നു. അങ്ങയുടെ സങ്കൽപ്പത്തിനെതിരായി അതിനേയും അതിജീവിച്ചുകൊണ്ട് അവിടെ അഴിമതി നടക്കുകയാണ്. അവർ അഴിമതി നടത്താൻ റിസർച്ച് നടത്തി പുതിയ മേഖല കണ്ടെത്തുകയാണ്. അങ്ങ് പോകുന്ന പോക്കിലെങ്കിലും അത് തടയാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, നാല് വർഷമായി വാളയാർ വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ പത്ത് പൈസയുടെ അഴിമതി കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് ഏതെങ്കിലും ഒളിക്യാമറ വാടകയ്ക്കെടുക്കണമെങ്കിൽ ഞാൻ അവിടത്തെ പ്രസ് ക്ലബ്ബിൽ പറഞ്ഞിട്ടുണ്ട്, അതിനുള്ള പണം തരും. അഴിമതി കണ്ടുപിടിച്ചാൽ 25,000 രൂപ സമ്മാനവും തരും. ഇന്നുവരെ അത് കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ശ്രീ. മാത്യു ടി തോമസ് : സർ, നികുതി വകുപ്പിലെ ഭരണനവീകരണ പ്രവർത്തനങ്ങൾമൂലം നികുതി വരുമാനം 2006-ൽ നിന്ന് എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്ന് കണക്കുകൾ വിശദമാക്കാമോ ? ഇത്തരത്തിൽ ഇനി എന്തെങ്കിലും പഴുതുകൾ അവശേഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

Page 5 of 5

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ നമ്മുടെ മൊത്തം ഡാറ്റാ ബേസ് റിട്ടേൺസ് വന്നെങ്കിലും ചെക്ക്പോസ്റ്റുകളിൽ നിന്നും ഭൂരിപക്ഷം ഇപ്പോൾ ഓൺ ലൈനായിട്ട് തത്സമയം വന്നുചേരുന്നില്ല. ചെക്പോസ്റ്റുകളിൽ ഇപ്പോൾ ഇ-ഹയറിംഗ് കമ്പൽസറിയാക്കിയിരിക്കുകയാണ്. അതുംകൂടി വന്നുകഴിഞ്ഞാൽ ചെക്പോസ്റ്റ് വഴി ഓരോ വ്യാപാരിയും കൊണ്ടുവരുന്ന ചരക്കുകളെത്ര, അത് അദ്ദേഹത്തിന്റെ സ്റ്റോക്കിലോ വിൽപ്പനയിലോ ഉണ്ടോ യെന്നുള്ളത് ഓട്ടോമാറ്റിക്കായിട്ട് പരിശോധിക്കാൻ കഴിയും. അതിന് ഒരു ആറ് മാസംകൂടി സമയമെടുക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജീവനക്കാർക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ

4 (*304) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ തടഞ്ഞുവച്ചിരുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ജീവനക്കാർക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

(സി) പുതിയതായി എന്തെല്ലാം ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിച്ചു എന്നു വെളിപ്പെടുത്തുമോ ;

(ഡി) വനിതാ ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഭവനവായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ വ്യയനിയന്ത്രണത്തിന്റെ ഭാഗമായി നിർത്തലാക്കിയ ഭവന വായ്പ പദ്ധതി 2009-10 സാമ്പത്തിക വർഷം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ആദ്യ രണ്ട് വർഷം അടിസ്ഥാന ശമ്പളം മാത്രം നൽകിയാൽ മതിയെന്ന ഉത്തരവുമൂലം ആനുകൂല്യം നഷ്ടപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനിരം നിയമിതരായ ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിക്കുന്നതാണെന്ന നിർദ്ദേശം പിൻവലിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ തുടങ്ങിയവർക്ക് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ധനവർഷ, ധനസമൃദ്ധി എന്നീ

LIBRARY ARCHIVES Kerala Legislative Assembly